**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1909** **15-03-2022 - ൽ മറുപടിയ്ക്ക്**

**തപാൽ വകുപ്പിന് കീഴിലുള്ള ചരക്ക് പാഴ്സൽ നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തപാൽ വകുപ്പിന് കീഴിലുള്ള ചരക്ക് പാഴ്സൽ നീക്കം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ചരക്ക് പാഴ്സൽ നീക്കം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയതലത്തിൽ തപാൽ വകുപ്പിന്റെ കീഴിലുള്ളതും കോൺട്രാക്ട് വ്യവസ്ഥയിലെടുത്തിട്ടുള്ളതുമായ MMS വാഹനങ്ങളുടെയും ട്രെയിനുകളുടെയും വിമാന സർവ്വീസുകളുടെയും സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ചരക്ക് പാഴ്സൽ നീക്കം വകുപ്പിൽ നിർവ്വഹിച്ചു പോരുന്നു.കൂടാതെ സംസ്ഥാനത്ത് പോസ്റ്റൽ സർക്കിൾ തലത്തിൽ ചരക്ക് പാഴ്സൽ നീക്കം ത്വരിതപ്പെടുത്തുന്നതിനായി വകുപ്പിന്റെ MMS വാഹനങ്ങൾ, കെ.എസ്.ആർ.ടി.സി ബസ്സുകൾ, പ്രൈവറ്റ് ബസ്സുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകളുടെ സേവനം പാഴ്സൽ നീക്കത്തിനായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കെഎസ്ആർടിസി ദീർഘദൂര സർവ്വീസുകളുടെ സേവനം ദീർഘദൂര പാഴ്സൽ നീക്കത്തിന് ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് എല്ലാ ഡിവിഷനുകളിൽ നിന്നും പ്രോപ്പോസ്സൽ ക്ഷണിച്ചിട്ടുള്ളതായും ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശം സർക്കാരിന് സമർപ്പിക്കുന്നതാണെന്നും തപാൽ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീ അംഗങ്ങളുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ? | (സി) | തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പാഴ്സൽ പാക്കേജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതും അവിടെ കുടുംബശ്രീ അംഗങ്ങളെ നിയോഗിക്കുന്നതും സംബന്ധിച്ച പ്രാരംഭഘട്ട ചർച്ചകൾ തപാൽ വകുപ്പും കുടുംബശ്രീയുമായി നടന്നുവരുന്നു. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ